**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 610

28.02.2018 ലെ മറുപടിയ്ക്ക്.

**ക്ഷേമപദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ. എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | പട്ടികജാതിക്കാർക്കായുള്ള ക്ഷേമ പദ്ധതികളുടെ ഫണ്ട് ലാപ്സ് ആകാതിരിക്കുവാനായി വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) | പദ്ധതികളുടെ ഗുണനിലവാരവും പദ്ധതി പുരോഗതിയും വിലയിരു ത്തുന്നതിന് വകുപ്പുതല മോണിറ്ററിംഗ് സംവിധാനം പ്രവർത്തിച്ചുവരുന്നു. ബ്ലോക്ക്/ജില്ലാതല/പട്ടികജാതി വികസന ഓഫീസർമാരുടെ പ്രതിമാസപദ്ധതി അവലോകന യോഗങ്ങളിലും സെക്രട്ടറി തലത്തിലും വകുപ്പ് മന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലുമുള്ള അവലോകന യോഗങ്ങളിലും പദ്ധതികളുടെ പ്രതിമാസ പുരോഗതി കൃത്യമായി വിലയിരുത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുന്നു |
| (ബി) | 2016-17 ലും 2017-18 ലും പദ്ധതി വിഹിതമായി എന്ത് തുക ലഭിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ? | (ബി) | പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി 2016-17 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് വിഹിതമായി സംസ്ഥാന പദ്ധതികൾക്കായി 1315.50 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 430.92 കോടി രൂപയും ഗ്രാന്റ് ഇൻ എയിഡ് ആയി എൽ.എസ്.ജി.ഡി.ക്ക് 1038.90 കോടി രൂപയും വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി സംസ്ഥാന പദ്ധതികൾക്കായി 1427.60 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 461.50 കോടി രൂപയും ഗ്രാന്റ് - ഇൻ - എയിഡ് ആയി എൽ.എസ്.ജി.ഡി.ക്ക് 1172.05 കോടി രൂപയും വകയിരുത്തിയിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാനതല ക്ഷേമ പദ്ധതികൾക്കായി 1111.13 കോടി രൂപയും (83%) |

| | | | |
|---|---|---|---|
| | | | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 342.08 കോടി രൂപയും (79%) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി 709.41 കോടി രൂപയും (68%) ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷത്തിൽ ജനുവരി 31 വരെ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാനതല ക്ഷേമപദ്ധതി കൾക്കായി 670.53 കോടി രൂപയും (50.65%), 100% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാനം നീക്കിവച്ച തുകയിൽ 191.684 കോടി രൂപയും (67.71%) , 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 11.16 കോടി രൂപയും (55.18%) ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയിലേക്ക് 2017-18 ൽ 518.45 കോടി (44.33%) രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ